നിർമ്മാണത്തിന് ആവശ്യമായ ഭൂമി സൗജന്യമായി പൊതുമരാമത്ത് വകുപ്പിന് കൈമാറിക്കിട്ടുന്ന മുറയ്ക്ക് പാലത്തിന്റെ ബാക്കി പണി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ നിർമ്മാണ പ്രവർത്തനങ്ങൾ

280 (4031) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ ഇന്റേണൽ റോഡുകൾ ടാർ ചെയ്യുന്നതിനും കോമ്പൗണ്ടുവാൾ നിർമ്മിക്കുന്നതിനുമായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്;

(ബി) പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന് എന്നാണ് കൈമാറിയത് ; കൈമാറിയില്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കാമോ ;

(സി) മേൽ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് ;, എന്ന് പൂർത്തീകരിക്കാൻ കഴിയും വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) 7-11-2012-ലെ സ.ഉ. (സാധാ) നമ്പർ 2392/2012/H.Edn. നമ്പർ ഉത്തരവ് പ്രകാരം ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ ഇന്റേണൽ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനുമായി 58 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.

(സി) പ്രസ്തുത പ്രവൃത്തി 16-12-2013-ൽ ആരംഭിക്കുകയും 28-10-2014-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചാലക്കുടിയിലെ പത്തടിപ്പാലം-അടിച്ചിൽതൊട്ടി റോഡ്

281 (4032) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പത്തടിപ്പാലം-അടിച്ചിൽതൊട്ടി റോഡ്, പട്ടികവർഗ്ഗ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഊരാളുങ്കൽ സൊസൈറ്റി സമർപ്പിച്ച എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചാലക്കുടി-ആനമല റോഡിൽ നിന്നും 6 കി.മീ. വനാന്തർഭാഗത്തായി നിർമ്മിക്കേണ്ട പ്രസ്തുത അടിച്ചിൽതൊട്ടി കോളനി റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പത്തടിപ്പാലം-അടിച്ചിൽതൊട്ടി റോഡ്, പട്ടികവർഗ്ഗ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മൂലക്കീൽക്കടവ് പാലം

282 (4033). ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിനെയും പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കീൽക്കടവ് പാലത്തിന് സ്ഥലം ലഭ്യമാക്കിയിട്ടും ഭരണാനുമതിയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതെന്തുകൊണ്ടെന്ന് അറിയിക്കാമോ ;

(ബി). പാലത്തിന്റെ ഡിസൈൻ മാറ്റണമെന്ന് ആവശ്യപ്പെട്ട് ഇൻലാൻഡ് നാവിഗേഷന്റെ കത്ത് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അത് ലഭിച്ചത് എന്നാണ് ;

(സി) കത്ത് കിട്ടി രണ്ട് വർഷമായിട്ടും ഡിസൈൻ തയ്യാറാക്കുന്നതിലുള്ള കാലതാമസം എന്താണെന്ന് അറിയിക്കുമോ ;

(ഡി) പുതുക്കിയ ഡിസൈൻ എപ്പോഴേക്ക് തയ്യാറാക്കാൻ കഴിയുമെന്നും വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി എപ്പോൾ സമർപ്പിക്കാൻ കഴിയുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) വിശദമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി വന്നതിനാലാണ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly